# പ്രോസ്പെക്ടസ്

## (മലയാള വിഭാഗം)

പ്രിയ വിദ്യാർത്ഥികളെ,

ഞങ്ങളുടെ ചില കോഴ്സുകളുടെ മലയാളത്തിലുള്ള ചെറിയ വിശദീകരണമാണ് ഇതിന്റെ ഉള്ളടക്കം. നിങ്ങൾ പ്രോസ്പെക്ടസിലെ ഇംഗ്ലീഷ് വിഭാഗം വായിച്ചു മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങൾ എല്ലാം വായിച്ചു മനസ്സിലാക്കി അപേക്ഷാഫോറം പൂരിപ്പിച്ച് പ്രസ്തുത ഫീസ് സഹിതം ഞങ്ങളുടെ ആഫീസിലേക്ക് നേരിട്ടോ തപാൽ മുഖേനയോ അയയ്ക്കുമല്ലോ.

നിങ്ങൾക്ക് ഇനിയും ഏതെങ്കിലും വിധത്തിലുള്ള സംശയങ്ങൾ ഉണ്ടാകുകയാണെങ്കിൽ തപാൽ മുഖേനയോ നേരിട്ടോ സംശയങ്ങൾ ദൂരികരിക്കാവുന്നതാണ്.

**പ്രധാനവിഭാഗം**

സാഹചര്യങ്ങളുടെ സമ്മർദ്ദവും മറ്റ് അസൗകര്യങ്ങളും കൊണ്ട് വ്യവസ്ഥാപിതമായി വിദ്യാഭ്യാസം ലഭിക്കാത്തവരും തുടർന്നു പഠിക്കുവാൻ കഴിയാതെപോയവരുമായ നല്ലൊരു ശതമാനം ആളുകൾ നമ്മുടെ ഇടയിലുണ്ട്. കൂടാതെ വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരും ബിസ്സിനസ്സുകാരുമായ എത്രയോ ആളുകൾ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ആഗ്രഹിക്കുന്നവരാണ്. ഇവിടെയാണ് ഞങ്ങളുടെ കോഴ്സുകളുടെ പ്രസക്തി.

ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ജോലിക്കാർക്കും ബിസിനസ്സുകാർക്കും ഇടക്കാലം കൊണ്ട് പഠനം നിർത്തിയവർക്കും ഔപചാരികമായി യാതൊരു വിദ്യാഭ്യാസവും ലഭിക്കാത്തവർക്കും ഞങ്ങളുടെ കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്നു പഠനം തുടരാവുന്നതാണ്.

ഞങ്ങൾ നടത്തുന്ന കോഴ്സുകൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ളതാണ്. ഞങ്ങളുടെ കറസ്പോണ്ടൻസ് കോഴ്സിലൂടെ ഇതിനോടകം ഏകദേശം അൻപതിനായിരത്തിലധികം ആൾക്കാരെ ബിരുദാനന്തര ബിരുദധാരികൾ ആക്കുന്നതിന് ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന വിവരം അഭിമാനപൂർവ്വം നിങ്ങളെ അറിയിക്കട്ടെ.

## ഞങ്ങളുടെ സ്ഥാപനത്തിന്റെ പ്രത്യേകതകൾ

- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിചയസമ്പന്നരായ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രത്യേക ക്ലാസ്സുകൾ
- Bhopal HSC (+2), Osmania One Siting B.A., M.Com, M.Sc., Kaakathiya One Sitting B.A., B.Com, Mysore M.A., M.Com, Open Madhura Kamaraj M.A., M.com, Annamalai University M.Sc. Madras SSLC, HSC, NIOS SSLC, +2 തുടങ്ങിയ കോഴ്സുകൾ കേരളത്തിൽ ആദ്യമായി പരിചയപ്പെടുത്തിയ സ്ഥാപനം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബ്
- കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ കറസ്പോണ്ടൻസ് കോഴ്സിൽ പങ്കെടുപ്പിക്കുകയും വിജയിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനം

എസ്.എസ്.എൽ.സി. മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള ക്ലാസ്സുകൾ

- അനുപമമായ ശിക്ഷണ നൈപുണ്യം, പ്രഗൽഭരായ അദ്ധ്യാപകർ
- നിരവധി റാങ്കുകൾ, ബഹുശതം First Class & Distinction
- എവിടെ നിന്നും താമസിച്ചു പഠിക്കാവുന്ന മികച്ച കോച്ചിംഗ് കോണ്ടാക്ട് ക്ലാസ്സുകൾ
- ദീർഘനാളത്തെ പരിചയ സമ്പന്നരായ അദ്ധ്യാപകരുടെ നിരന്തര സേവനം
- അച്ചടക്കത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം
- എല്ലാ കോഴ്സുകളുടെയും എല്ലാ വിഷയങ്ങളുടെയും പ്രിന്റഡ് നോട്ടുകൾ
- അതിപ്രഗത്ഭരായ (റിട്ട. പ്രൊഫസർമാർ) തയ്യാറാക്കുന്ന ലളിതമായ ഉന്നത നിലവാരം ഉള്ള നോട്ടുകൾ. പഠന കുറിപ്പുകൾ മാതൃകാ ചോദ്യപേപ്പറുകൾ.

- ❖ ജോലിക്കാർക്കും ബിസിനസ്സുകാർക്കും പോസ്റ്റൽ വിദ്യാർത്ഥികൾക്കുവേണ്ടി പൊതു അവധി ദിവസങ്ങളിൽ കോൺടാക്റ്റ് ക്ലാസ്സുകളും നടത്തുന്നു.
- ❖ പട്ടാളത്തിൽ സേവനം അനുഷ്ഠിക്കുന്നവർക്കായി ഞങ്ങളുടെ പ്രത്യേക വിഭാഗം.
- ❖ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം കോളേജ് ഓഫീസ് രാവിലെ 9 മുതൽ 5 മണിവരെയും തുറന്നു പ്രവർത്തിക്കുന്നതാണ്. ഹെഡ് ഓഫീസ് പൊതു അവധി ദിവസങ്ങളിലും പ്രവർത്തിക്കുന്നതാണ്.
- ❖ എല്ലാ മാസവും നടത്തുന്ന ടെസ്റ്റ് പേപ്പർ, മോഡൽ പരീക്ഷകൾ Open University Scheme പ്രകാരമുള്ള correspondence course ലെ 100% വിജയം.
- ❖ എല്ലാ വിദ്യാർത്ഥികൾക്കും കൺസെഷൻ കാർഡുകൾ.
- ❖ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം.
- ❖ കറസ്പോണ്ടൻസ് കോഴ്സുകൾക്ക് കേരളത്തിൽ ഏറ്റവും കൂടുതൽ വിജയ ശതമാനം.
- ❖ രക്ഷാകർത്താക്കളുമായി നിരന്തര സമ്പർക്കം
- ❖ എല്ലാത്തിനുമുപരി ദശാബ്ദങ്ങളായി വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പുലർത്തിപോരുന്ന വിശ്വസ്ത സ്നേഹ ബഹുമാനങ്ങൾ അംഗീകാരം.

# നാഷണൽ കോളേജ് കറസ്പോണ്ടൻസ് കോഴ്സുകളുടെ രംഗത്ത് അതികായർ

### എങ്ങനെ ഞങ്ങളുടെ സ്ഥാപനത്തിൽ ചേരാം

ഞങ്ങളുടെ സ്ഥാപനത്തിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ ഞങ്ങളുടെ പ്രോസ്പെക്ടസും, അപേക്ഷാഫോറവും വാങ്ങി അപേക്ഷാഫോറം പൂരുപ്പിച്ച് നിർദ്ദിഷ്ട ഫീസ് സഹിതം ഓഫീസിലേക്കു നേരിട്ടോ, തപാൽ മാർഗ്ഗമോ അയച്ചാൽ മതി.

### ട്യൂഷൻ ഫീസ് അടയ്ക്കുന്ന രീതി

ഓഫീസിൽ നേരിട്ടു വരുന്നവർക്ക് ട്യൂഷൻ ഫീസ് ഓഫീസ് കൗണ്ടറിൽ അടയ്ക്കാവുന്നതാണ്. തപാൽ മുഖേനയാണ് ഫീസ് അടയ്ക്കുന്നത് എങ്കിൽ മണിയോർഡർ ആയോ ബാങ്ക് ഡ്രാഫ്റ്റായോ മാത്രമേ സ്വീകരിക്കുകയുള്ളൂ. ബാങ്ക് ഡ്രാഫ്റ്റ് - ഡയറക്ടർ / പ്രിൻസിപ്പാൾ എന്ന പേരിൽ എടുക്കേണ്ടതാണ്. ഓഫീസിൽ എന്ത് പണമിടപാടുകൾ നടത്തുമ്പോഴും രസീത് വാങ്ങേണ്ടതാണ്. പോസ്റ്റൽ വിദ്യാർത്ഥികൾ പണം അടച്ചു 15 ദിവസത്തിനകം രസീത് കിട്ടിയില്ലെങ്കിൽ ഡയറക്ടറെ സമീപിക്കേണ്ടതാണ്.

ട്യൂഷൻ ഫീസ് ഒരു പ്രാവശ്യം അടച്ചു കഴിഞ്ഞാൽ യാതൊരു കാരണവശാലും തിരിച്ചു നല്കുന്നതല്ല. പ്രോസ്പെക്ടസിൽ കൊടുത്തിരിക്കുന്നത് ഞങ്ങളുടെ ട്യൂഷൻ ഫീസ് മാത്രമാണ്. യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫീസ് ഇതിൽപ്പെടുന്നില്ല.

## യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിക്കുന്ന വിവരങ്ങൾ

രജിസ്ട്രേഷനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ഞങ്ങൾ നേരിട്ട് ചെയ്യുന്നതാണ്. അപേക്ഷാഫോറം പൂരിപ്പിച്ച് ഞങ്ങൾ പറഞ്ഞിരിക്കുന്ന സമയത്തിനുള്ളിൽ എല്ലാ രേഖകളോടുംകൂടി പ്രസ്തുത ഫീസ് സഹിതം ഓഫീസിലേക്ക് എത്തിക്കുകയോ അയച്ചു തരികയോ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ തീയതി കഴിഞ്ഞ് കോളേജിൽ ലഭിക്കുന്ന നിങ്ങളുടെ അപേക്ഷകൾ അടുത്തുവരുന്ന രജിസ്ട്രേഷനു മാറ്റുന്നതാണ്.

### വിദേശ ജോലിക്കാർക്ക് പ്രത്യേക സെൽ

ഇന്ത്യക്കുപുറത്തു ജോലിചെയ്യുന്നവർക്കും കേരളത്തിനു പുറത്തു ജോലിചെയ്യുന്നവർക്കും വേണ്ടി ഞങ്ങളുടെ ഓഫീസിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നു.

### എല്ലാ വിദ്യാർത്ഥികളുടെയും ശ്രദ്ധയ്ക്ക്!

ഞങ്ങളുടെ സ്ഥാപനത്തിൽ ചേരുന്ന വിദ്യാർത്ഥികൾ കോളേജിന്റെ നിയമാവലി

പാലിക്കേണ്ടതാണ്. സ്ഥാപനത്തിലെ ഏതെങ്കിലും വിദ്യാർത്ഥി തെറ്റായ രീതി ഉപയോഗിച്ചാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കോളേജിൽ നിന്നും പുറത്താക്കുന്നതും അങ്ങനെയുള്ള വിദ്യാർത്ഥികൾക്കു ഒരു കാരണവശാലും അടച്ച ഫീസ് മടക്കിക്കൊടുക്കുന്നതുമല്ല. പ്രിൻസിപ്പലിന്റെ തീരുമാനം അന്തിമമാണ്.

നിങ്ങൾ പ്രൊസ്പെക്ടസ് വായിച്ചു മനസ്സിലാക്കിയശേഷം എന്തെങ്കിലും സംശയങ്ങൾ കോഴ്സിനെക്കുറിച്ചോ, സ്ഥാപനത്തെക്കുറിച്ചോ ഉണ്ടെങ്കിൽ ഞങ്ങളുടെ ഓഫീസിൽ വന്ന് അന്വേഷിക്കുകയോ, തപാൽ മാർഗ്ഗം അറിയിക്കുകയോ ചെയ്താൽ എല്ലാ സംശയങ്ങൾക്കും മറുപടി നൽകുന്നതാണ്. നിങ്ങളുടെ വിജയമാണ് ഞങ്ങളുടെ ലക്ഷ്യം, വായിച്ചു വളരുക, ഉന്നതി കൈവരിക്കുക.

*വിജയാശംസകളോടെ....*

**ഡയറക്ടർ**